# മാനന്തവാടി നഗരസഭാ കാര്യാലയം

**പി.ഒ മാനന്തവാടി, പിൻ-670645,വയനാട് ജില്ല**

**email:-mndymunicipality@gmail.com**

നമ്പർ: ടിപി1-10367/23 തിയ്യതി: 06/01/2024

ഇന്റേണൽ വിജിലൻസ് ഓഫീസർ
തദ്ദേശ സ്വയംഭരണവകുപ്പ്
വയനാട്

സർ,

വിഷയം : നവകേരളസദസിൽ ലഭ്യമായ പരാതിക്ക് മറുപടി നൽകുന്നത് സംബന്ധിച്ച്:

സൂചന : 1) 23/11/2023-ന് ശ്രീ.ഇബ്രാഹിം നവകേരളസദസിൽ സമർപ്പിച്ച പരാതി.
2) അങ്ങയുടെ 27/12/2023-ലെ അറിയിപ്പ്.

മാനന്തവാടി നഗരസഭയിലെ 26-ാം വാർഡിലെ റീ സർവ്വെ നമ്പർ 500/32, 500/37, 500/39-ൽ ഉൾപ്പെട്ട 0.0971 ഹെക്ടർ സ്ഥലത്ത് 5 നിലകളിലായി 1997.86 ബിൽറ്റ് അപ്പ് ഏരിയയിൽ അപ്പാർട്ട്മെന്റ് കെട്ടിടം നിർമ്മിക്കുന്നതിന് ഇബ്രാഹിം.കെ. എം എന്നവർ 27/6/23ന് ടി.പി1/10367/23 പ്രകാരം നഗരസഭയിൽ കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ടി പ്ലോട്ടിലേക്ക് പോകുന്ന മുനിസിപാലിറ്റി റോഡിന്റെ അവസാന ഭാഗത്തായി വീരപഴശ്ശിയുടെ മരുന്നറ എന്നു പറയപ്പെടുന്ന ശേഷിപ്പുകൾ കാണപ്പെടുന്നുണ്ട്.ആയതിനാൽ കെട്ടിടനിർമ്മാണത്തിന് എൻ.ഒ.സി ആവശ്യമാണോ എന്ന് പുരാവസ്തുവകുപ്പിനോട് ആരായുന്നതിന് വേണ്ടി ചാർജ് ഓഫീസർ, പഴശ്ശികുടീരം, മാനന്തവാടി എന്നവർക്ക് 19/10/2023-ന് കത്ത് നഗരസഭയിൽ നിന്നും നൽകിയിരുന്നു. 07/11/23ന് എൻ.ഒ.സി സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി കേരള പുരാവസ്തുവകുപ്പ് അധ്യക്ഷ കാര്യാലയത്തിലേക്ക് മേൽ കത്ത് കൈമാറിയിട്ടുണ്ട് എന്ന് മാനേജർ, ഡിപ്പാർട്ട്മെന്റ് ഓഫ് ആർക്കിയോളജി, പഴശ്ശികുടീരം പ്രൊജക്റ്റ്, മാനന്തവാടി എന്നവരിൽ നിന്നും അറിയിപ്പ് ലഭ്യമായിട്ടുള്ളതുമാണ്. നാളിതുവരെ ടി ഓഫീസിൽ നിന്നും മറുപടി ലഭ്യമായിട്ടില്ലാത്തതാണ്.

ആയതിനാൽ മേൽപരാതി തീർപ്പാക്കുന്നതിന് വേണ്ടി ആർക്കിയോളജി വകുപ്പിലേക്ക്കൂടി കൈമാറണമെന്ന് അഭ്യർത്ഥിക്കുന്നു.

സെക്രട്ടറി
മാനന്തവാടി നഗരസഭ

MUNICIPAL OFFICE MANANTHAVADY
WAYANAD. DT.
MANANTHAVADY P.O.

Scanned with OKEN Scanner

**ഭരണഭാഷ -മലയാളം**

പി.കെ.പി.നം:37/2023-24

പഴശ്ശികുടീരം പ്രൊജക്റ്റ്
പുരാവസ്തു വകുപ്പ്
മാനന്തവാടി-670645
തീയതി: 07-11-2023

പ്രേഷകൻ,

മാനേജർ
പഴശ്ശികുടീരം പ്രോജക്റ്റ്
പുരാവസ്തു വകുപ്പ്

സ്വീകർത്താവ്,

അസി. എൻജിനിയർ
മാനന്തവാടി നഗരസഭ

സർ,

വിഷയം: കെട്ടിടനിർമ്മാണത്തിന് N.O.C-യുടെ ആവശ്യകത വ്യക്തത വരുത്തുന്നത് സംബന്ധിച്ച്.

സൂചന :ടി പി 1-10367/23 നമ്പരായ കത്ത്.

മാനന്തവാടി നഗരസഭയിൽ നിന്നും ലഭിച്ച 500/32, 500/37, 32/500 എന്നീ റി സർവേ നമ്പറുകളിൽ കെട്ടിട നിർമ്മാണത്തിന് വേണ്ടി N.O.C സംബന്ധിച്ച വിഷയത്തിൽ വ്യക്തത വരുത്തുന്നതിനുള്ള തുടർ നടപടികൾക്കായി ടി അപേക്ഷ കേരള പുരാവസ്തുവകുപ്പദ്ധ്യക്ഷ കാര്യാലയത്തിലേക്കയച്ചിട്ടുണ്ട് എന്ന് ഇതിനാൽ അറിയിക്കുന്നു.

PAZHASSIKUDEERAM PROJECT DEPT.OF ARCHAEOLOGY
Mananthavady
Pin. 670645
Wayanad
Date:....................

വിശ്വസ്തതയോടെ

1·3

MANAGER
Dept. of Archaeology
Pazhassi Kudeeram Project
Mananthavady - 670645

Scanned with OKEN Scanner